(ബി)· ലക്ഷ്യമിടുന്നില്ല.

(സി) ഉദിക്കുന്നില്ല.

പെപ്സി, കൊക്കകോള കമ്പനികൾ നൽകുന്ന വില്പന നികുതി

26 [1033] ശ്രീ. കെ. ബാബു:

,, എൻ. ശക്തൻ:

,, കെ. സി. വേണുഗോപാൽ:

,, പ്രയാർ ഗോപാലകൃഷ്ണൻ:

,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെപ്സി, കൊക്കകോള കമ്പനികൾ സംസ്ഥാനത്ത് എന്തെല്ലാം ഉല്പന്നങ്ങൾ ഉണ്ടാക്കുന്നുണ്ട്; ഇവ പ്രതിദിനം എത്ര കോളയും കുപ്പയിലടച്ച വെള്ളവും ഉല്പാദിപ്പിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഇവ പ്രതിദിനം എത്ര തുക വില്പന നികുതിയിനത്തിൽ നൽകുന്നുണ്ട്;

(സി) ഇവർക്ക് നികുതി സംബന്ധമായി എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്;

(ഡി) ഇവർ നികുതി കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പെപ്സി, കൊക്കകോള കമ്പനികൾ സംസ്ഥാനത്ത് കൊക്കകോള, ഫാന്റാ, സ്പ്രൈറ്റ് , മാങ്കോ ജ്യൂസ്, കിൻലി മിനറൽ വാട്ടർ, പെപ്സി, മിറിന്റ, 7 അപ്പ്, മൗണ്ടൻ വ്യൂ, അക്വാഫിനാ എന്നീ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇവ പ്രതിദിനം ഉല്പാദിപ്പിക്കുന്ന കോളയുടെയും കുപ്പിയിലടച്ച വെള്ളത്തിന്റേയും വിവരം ചുവടെ ചേർക്കുന്നു:

1.	കൊക്കകോള	..	20667 കെയ്സുകൾ
2.	ഫാന്റാ	..	200 ,,
3.	സ്പ്രൈറ്റ്	..	167 ,,
4.	മാങ്കോ ജ്യൂസ്	..	134 ,,

LIBRARY ARCHIVES Kerala Legislative Assembly

5.	കിൻലി മിനറൽ വാട്ടർ	..	200	കെയ്സുകൾ
6.	പെപ്സി മിറിന്റ 7 അപ്പ് മൗണ്ടൻ വ്യൂ		1408	,,
7.	അക്വാഫിനാ മിനറൽ വാട്ടർ	..	3840	,,

(ബി) ഇവ പ്രതിദിനം 0.60 ലക്ഷം രൂപ വില്പന നികുതിയിനത്തിൽ നൽകുന്നു.

(സി) ഡെപ്യൂട്ടി കമ്മീഷണർമാരിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) പെപ്സി കമ്പനി നികുതി കുടിശ്ശിക വരുത്തിയിട്ടുണ്ട്. ആയത് 168.84ലക്ഷം രൂപയാണ്. ഇതിനെതിരെ ബഹു. ഹൈക്കോടതി സ്റ്റേ നൽകിയിട്ടുണ്ട്.

ഓണക്കാലത്ത് താൽക്കാലിക കച്ചവടക്കാർ നൽകിയ വില്പന നികുതി

27 [1034] ശ്രീ. ഇ. എം. അഗസ്തി:

,, ഡൊമിനിക് പ്രസന്റേഷൻ:

,, കെ. മുഹമ്മദാലി:

,, ജോർജ് ജെ. മാത്യു:

,, കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ഓണക്കാലത്ത് എത്ര താല്ക്കാലിക കച്ചവടക്കാർ സംസ്ഥാനത്ത് കച്ചവടത്തിൽ ഏർപ്പെട്ടു;

(ബി) താല്ക്കാലിക കച്ചവടക്കാർ വില്പന നികുതി നിയമത്തിലെ വ്യവസ്ഥ പ്രകാരം രജിസ്റ്റർ ചെയ്യുവാനും നികുതി അടയ്ക്കാനും ബാദ്ധ്യസ്ഥരാണോ;

(സി) എങ്കിൽ ഇവരിൽ നിന്ന് വില്പന നികുതിയിനത്തിൽ എത്ര തുക ഈടാക്കാൻ കഴിഞ്ഞു;

LIBRARY ARCHIVES Kerala Legislative Assembly